സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

July 2026
Vol. 2 Issue 4

പാലൈ
PALAI பாலை
ISSN No: 3049-0316

# മാനവികത – വാഗ്ഭടാനന്ദന്റെ കവിതകളിൽ തെരഞ്ഞെടുത്ത കവിതകളെ ആസ്പദമാക്കിയുള്ള പഠനം

കൃഷ്ണപ്രസാദ് ജെ.*



**സംഗ്രഹം**

കേരളനവോത്ഥാനചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ പേരുകളിൽ ഒന്നാണ് 'വാഗ്ഭടാനന്ദൻ'. കണ്ണൂർ ജില്ലയിലെ പാട്യം എന്ന ഗ്രാമത്തിൽ ജനിച്ച വാഗ്ഭടാനന്ദന് കേരളത്തിന്റെ നവോത്ഥാന- സാംസ്കാരിക – സാമൂഹ്യമണ്ഡലങ്ങളിൽ ശ്രദ്ധേയ സംഭാവനകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. വാഗ്ഭടാനന്ദന്റെ 141-ാം ജന്മവാർഷികമാണ് കടന്നു പോയത് (1885 ഏപ്രിൽ 27 ന് ആയിരുന്നു വാഗ്ഭടാനന്ദന്റെ ജനനം). സാമൂഹ്യനന്മ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്കായി സമർപ്പിതമായിരുന്ന വാഗ്ഭടാനന്ദന്റെ ജീവിതം. മനുഷ്യജീവിതത്തിന്റെ വിശേഷിച്ച്, കേരളീയ ജീവിതത്തിന്റെ സുഗമമായ വളർച്ചയ്ക്കു ഹാനികരമായ സാഹചര്യങ്ങളെയൊക്കെ അനാചാരവും അനാവശ്യവുമായി അദ്ദേഹം വിലയിരുത്തി. കേരളത്തിൽ അക്കാലത്ത് നിലനിന്നിരുന്ന പ്രശ്നങ്ങളെ അന്വേഷിച്ചുമനസ്സിലാക്കി ജനങ്ങളെ ബോധിപ്പിക്കുകയും ചെയ്തു. കവിതാരചനയിലൂടെയാണ് വാഗ്ഭടാനന്ദൻ സാഹിത്യരംഗത്തേക്കു കടന്നുവരുന്നത്. പിന്നീട്, പ്രാർത്ഥനാ ഗീതങ്ങൾ, പ്രഭാഷണങ്ങൾ, നിരൂപണങ്ങൾ എന്നിവയിലൂടെ തന്റെ ദർശനവും നിലപാടും ഉയർത്തിപ്പിടിച്ചു. വാഗ്ഭടാനന്ദന്റെ തെരഞ്ഞെടുത്ത കവിതകളിലെ മാനവികതയെ അന്വേഷിക്കുകയാണ് ഈ ലേഖനം.

**താക്കോൽ വാക്കുകൾ:** വാഗ്ഭടാനന്ദൻ, ജാതിവിരുദ്ധത, മാനവികത, സമത്വബോധം, അഹിംസ, ആത്മാവിദ്യാസംഘം

## ആമുഖം

സാമൂഹ്യപരിഷ്കർത്താക്കൾ നവോത്ഥാനത്തിനുള്ള തീവ്രപ്രേരകശക്തിയായി സാഹിത്യരചനകളെ വീക്ഷിക്കുന്നുണ്ട്. 'സാമൂഹ്യ പരിഷ്കർത്താവ്' എന്ന നിലയ്ക്ക് വാഗ്ഭടാനന്ദനിലേക്കു നോക്കുമ്പോൾ സാഹിത്യ രചനകൾക്കും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കൊപ്പം പ്രസക്തി ഉണ്ടെന്നു മനസ്സിലാകും. ജാതി-മത

* മലയാളം അസിസ്റ്റന്റ് പ്രൊഫസർ (on contract), ശ്രീ അയ്യപ്പ കോളേജ് ഇരമല്ലിക്കര, ചെങ്ങന്നൂർ, ആലപ്പുഴ. kpmj9508@gmail.com

ചിന്തയ്ക്കെതിരെ, അനാചാരങ്ങൾക്കെതിരെയുള്ള ശക്തമായ പ്രതിഷേധത്തിന്റെ മുഴക്കം അദ്ദേഹത്തിന്റെ കവിതയിൽ നമ്മൾ കേൾക്കുന്നുണ്ട്. വിശ്വമാനവികതയെ ഉയർത്തിപ്പിടിക്കുന്ന രചനകളാണ് അവയൊക്കെ തന്നെ.

**ജാതിവിരുദ്ധതയും മാനവികതയും**

പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യയിലെ, വിശേഷിച്ച് മലബാറിലെ സാമൂഹിക സ്ഥിതിവിശേഷം വളരെ കഷ്ടമായിരുന്നു എന്ന ബോധ്യം വാഗ്ഭടാനന്ദന് ഉണ്ടായിരുന്നു. അക്കാലത്തെ ജാതിമത വിവേചനങ്ങൾക്കെതിരെ തന്റെ കവിതകളെ ശക്തമായ പ്രതിഷേധായുധമാക്കി മാറ്റുകയാണ് അദ്ദേഹം ചെയ്തത്. മനുഷ്യർക്കിടയിലെ ജാതിചിന്തയുടെ പൊള്ളത്തരങ്ങളെക്കുറിച്ചും സാഹോദര്യത്തിന്റെ ആവശ്യകതയെക്കുറിച്ചും വ്യക്തമായി സംസാരിക്കുന്ന കവിതയാണ് അദ്ദേഹത്തിന്റെ ''ഏവരും ബത ഹരിക്കു മക്കൾ'' എന്നത്.

''ജാതിഭേദപരിസക്തികൊണ്ടു സ-
ദ്രീതിയേതുമറിയാതെ മാനുഷർ
നീതിവിട്ടു കലഹിച്ചു വിഭ്രമ-
പ്പാതിരാവിലുഴലുന്നു ദൈവമെ!''

മഹാത്മാഗാന്ധി അധഃകൃത ജനവിഭാഗത്തെ 'ഹരിജൻ' എന്ന് സംബോധന ചെയ്തിരുന്നു. എന്നാൽ ഇവിടെ വാഗ്ഭടാനന്ദൻ അവരെ 'ഹരിക്കുമക്കൾ' എന്നാണ് വിളിക്കുന്നത്. ജാതിചിന്തയോടുള്ള അമിതമായ ആസക്തി മനുഷ്യനെ നശിപ്പിക്കുന്നുവെന്നും എല്ലാവരും ദൈവത്തിന്റെ മക്കൾ തന്നെയാണെന്നും അദ്ദേഹം കുറിക്കുന്നു. പ്രപഞ്ചശക്തിയുടെ മുന്നിൽ മനുഷ്യരെല്ലാവരും തുല്യരാണെന്നും പരസ്പരം സഹോദരങ്ങളാണെന്നുമുള്ള സമത്വബോധം തെളിയിച്ചെടുക്കുകയാണ് ഈ കവിതയിലൂടെ ചെയ്യുന്നത്. സാഹോദര്യത്തിന്റെ സത്യം തിരിച്ചറിയാൻ കഴിയാത്ത ജന്മംകൊണ്ട് യാതൊരു അർത്ഥവുമില്ലെന്ന് കവി വ്യക്തമാക്കുന്നു. കടുത്ത ജാതിബോധം തികച്ചും അജ്ഞതയാണെന്നും, അതിന്റെ ഫലം നീതിയെ നഷ്ടപ്പെടുത്തലാണെന്നുമുള്ള ഉൾക്കാഴ്ച പ്രസ്തുത കവിതയിൽ ധ്വനിക്കുന്നുണ്ട്. നീതിബോധം മനുഷ്യർക്കുണ്ടാകേണ്ട അടിസ്ഥാനഗുണങ്ങളിൽ ഒന്നാണ്, അത് നഷ്ടമാകുക എന്നാൽ ജീവിതത്തിന്റെ അർത്ഥം തന്നെ നഷ്ടമാകുക എന്നാണ് അർത്ഥം. സവർണ്ണ-അവർണ്ണ ചിന്തകളിൽ കലഹിക്കുന്നവർ തെരുവ് നായ്ക്കൾ തമ്മിൽ കലഹിക്കുന്നതിന് സമാനമായാണ് പെരുമാറുന്നതെന്ന് കവി വീക്ഷിക്കുന്നു. മലബാറിൽ അക്കാലത്ത് ജാതിയിൽ വലിയവനാര് ചെറിയവനാര് എന്ന തരത്തിലുള്ള തർക്കങ്ങളും കലഹങ്ങളും നടന്നിട്ടുണ്ട്. അജ്ഞതയെ അലങ്കാരമാക്കി സൃഷ്ടിച്ചെടുക്കുക മാത്രമാണ് ജാതിബോധത്തിന്റെ ലക്ഷ്യമെന്നും വാഗ്ഭടാനന്ദൻ വിമർശിക്കുന്നു.

ജാതിയെ നിരാകരിക്കുകയും മാനവികതയെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന 1921-ൽ രചിക്കപ്പെട്ട 'സ്വാതന്ത്ര്യചിന്താമണി' എന്ന കവിത, ജാതിവ്യവസ്ഥയ്ക്കും അനാചാരങ്ങൾക്കുമെതിരെയുള്ള ശക്തമായൊരു വിപ്ലവകാഹളമാണ്.

''അമന്ദമാനന്ദമനന്തം കേരള-
ക്ഷമയ്ക്കു ചേർക്കേണ്ടും യുവജനങ്ങളെ!
സമസ്ത സ്വാതന്ത്യ സമർത്ഥ കാഹള,
പ്രമോദനിധ്വാനമിതാ മുഴങ്ങുന്നു!''

അക്കാലത്തെ സാമൂഹിക യാഥാർത്ഥ്യങ്ങളെ തുറന്നുകാട്ടുന്നതിനൊപ്പം, യുവതലമുറയെ ഉണർത്താനും തുല്യതയിൽ അധിഷ്ഠിതമായ ഒരു പുതിയ സമൂഹം കെട്ടിപ്പടുക്കാനും കവി ഇതിലൂടെ ആഹ്വാനം ചെയ്യുന്നു. അനാചാരങ്ങളോടും അനീതികളോടും വിട്ടുവീഴ്ചയില്ലാതെ പോരാടാൻ കവി യുവാക്കളോട് ആവശ്യപ്പെടുന്നു. പരസ്പരവിദ്വേഷം കാരണം മാതൃഭൂമിയായ കേരളം കണ്ണുനീർ വാർക്കുകയാണെന്നും, ഈ ദുരവസ്ഥ കണ്ട് മനംനൊന്ത് ഉറക്കത്തിൽനിന്ന് ഉണർന്നെഴുന്നേൽക്കാനും അദ്ദേഹം ആഹ്വാനം ചെയ്യുന്നു. വളർന്നുവരുന്ന തലമുറയിലാണ് അദ്ദേഹം പ്രതീക്ഷ അർപ്പിച്ചിരുന്നത്; ആ പ്രതീക്ഷയുടെ അടിസ്ഥാനം എന്താണെന്നും 'സ്വാതന്ത്ര്യചിന്താമണി' യിൽ അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. പല നിലപാടുകളും ഉറക്കെ പ്രഖ്യാപിക്കുന്ന ഒരു കൃതിയാണിത്.

 ISSN No: 3049-0316 

വാഗ്ഭടാനന്ദന്റെ ജീവിതത്തിലെ സുപ്രധാനമായ ചില വഴിത്തിരിവുകൾ നടന്ന കാലഘട്ടത്തിലാണ് 'സ്വാതന്ത്ര്യചിന്താമണി' രചിക്കപ്പെടുന്നത്. ബ്രഹ്മാനന്ദ ശിവയോഗിയുമായുള്ള അഭിപ്രായവ്യത്യാസങ്ങളെത്തുടർന്ന് അദ്ദേഹത്തിൽനിന്ന് അകലുകയും, സ്വന്തമായൊരു പാത ആലോചിക്കുകയും ചെയ്തതിന്റെ ഫലമായാണ് ആത്മവിദ്യാസംഘം പിറവിയെടുക്കുന്നത്. 1917-ൽ തുടക്കം കുറിച്ച ആത്മവിദ്യാസംഘം പിന്നീട് മലബാറിലും കേരളത്തിന്റെ ഇതര ഭാഗങ്ങളിലും അനേകം ശാഖകളിലൂടെ വലിയ വളർച്ച കൈവരിച്ചു. സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് മാർഗനിർദ്ദേശം നൽകാനും ആശയങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കാനും ഒരു മുഖപത്രം അനിവാര്യമായിത്തീർന്നു. അങ്ങനെ 1921-ൽ 'അഭിനവകേരളം' എന്ന പത്രം നിലവിൽ വന്നു.

''ഉണരുവിൻ അഖിലേശനെ സ്മരിപ്പിൻ,
ക്ഷണമെഴുന്നേൽപിൻ, അനീതിയോടെതിർപ്പിൻ''

എന്നതായിരുന്നു അഭിനവകേരളത്തിന്റെ മുദ്രാവാക്യം. ഈ മുദ്രാവാക്യത്തിന്റെ ആത്മസത്തയെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് വാഗ്ഭടാനന്ദൻ 'സ്വാതന്ത്ര്യചിന്താമണി' രചിച്ചിരിക്കുന്നത്.

"എടാ നീ മാറടാ തൊടല്ല തീണ്ടൊല്ല
മിടുക്കനെന്നു നീ നിനച്ചെട്ടുക്കന്നൊ?
സ്ഫുടമഹങ്കാരമുയർത്തിട്ടീവണ്ണം
വിടന്മാർ നാടെല്ലാം നരകമാക്കുന്നു."

'സ്വാതന്ത്ര്യചിന്താമണി' എന്ന കവിത ജാതിചിന്തയെ വലിയ അളവിൽ പരിഹസിക്കുന്ന ഒന്നാണ്. സമൂഹത്തിൽ ഉന്നതകുലജാതരാണെന്ന് സ്വയം വിശ്വസിക്കുന്നവർ, താഴ്ന്ന ജാതിക്കാരായി മുദ്രകുത്തപ്പെട്ടവരോട് കാണിക്കുന്ന ക്രൂരമായ വിവേചനത്തെ കവി ഇതിൽ വരച്ചുകാട്ടുന്നു. സഹമനുഷ്യനെ ഇങ്ങനെ അകറ്റിനിർത്തുന്നവർ തങ്ങളാണ് വലിയ മിടുക്കന്മാരെന്നും ശ്രേഷ്ഠരെന്നും സ്വയം അഹങ്കരിക്കുന്നതിലെ പരിഹാസ്യത കവി തുറന്നുകാട്ടുന്നു.

ജാതിയെ ഉന്മൂലനം ചെയ്യണമെന്ന ആഹ്വാനം നൽകുന്ന കവിയുടെ അടിസ്ഥാന കാഴ്ചപ്പാട് സാഹോദര്യമാണ്. കേവലമായ മനുഷ്യബന്ധങ്ങൾക്കപ്പുറം, മനുഷ്യന്റെ ശത്രുപക്ഷത്ത് നിൽക്കുന്ന ഒരു അധികാരഘടനയായാണ് വാഗ്ഭടാനന്ദൻ ജാതിയെ വിലയിരുത്തുന്നത്. ജാതിചിന്തയിൽ അഭിരമിക്കുന്നവരുടെ പൊള്ളത്തരത്തെ നിശിതമായി വിമർശിക്കാനും ഉദാഹരണസഹിതം അത് വ്യക്തമാക്കാനും അദ്ദേഹം മടിക്കുന്നില്ല. യുക്തിക്ക് നിരക്കാത്ത കാര്യങ്ങളാണ് ജാതിയുടെ പേരിൽ നടക്കുന്നതെന്ന് കവി ഓർമ്മിപ്പിക്കുന്നു.

പുലച്ചിയുണ്ടാക്കിത്തരുമവിലേറ്റ-
മലപ്പൊടും  തിന്നാം വയർ നിറച്ചിടാം
നിലതെറ്റൊതവളടുത്തു പോയെങ്കിൽ
ഫലമടിപിടിയഹോ; മഹേശ്വര!''

നിത്യജീവിതത്തിലെ വിവേചനങ്ങളെ അദ്ദേഹം തുറന്നുകാട്ടുന്നു. പുലയസ്ത്രീ ഉണ്ടാക്കുന്ന ആഹാരവും പാനീയങ്ങളും വയറുനിറയെ വാങ്ങി കഴിക്കാൻ മടിയില്ലാത്തവർ, അവൾ അടുത്തു വന്നാൽ അയിത്തം കൽപ്പിച്ചും അടിച്ചോടിച്ചും അകറ്റിനിർത്തുന്നതിലെ കപടതയെ കവി ചോദ്യം ചെയ്യുന്നു. അതുപോലെ, ഈഴവസ്ത്രീ വച്ച കറിയും കള്ളും കുടിക്കാൻ മടിയില്ലാത്തവർ, അവൾ അരികിൽ വന്നാൽ 'തീണ്ടൽ' എന്ന് പറഞ്ഞ് അകറ്റിനിർത്തുന്ന ദുരാചാരത്തെയും അദ്ദേഹം നിശിതമായി വിമർശിക്കുന്നു.

ജാതിനശീകരണവും സമത്വബോധം സൃഷ്ടിക്കലും അത്ര എളുപ്പമുള്ള കാര്യങ്ങളല്ല; നിരന്തരമായ പോരാട്ടം മാത്രമാണ് അതിനു പോംവഴി. തങ്ങളുടെ പോരാട്ടത്തിൽ ജീവൻ നഷ്ടപ്പെടുമോ എന്ന് ഭയക്കുന്ന യുവാക്കൾക്ക് ധൈര്യം പകരാൻ, പുരാണത്തിലെ പ്രഹ്ലാദന്റെ ചരിത്രം കവി ഓർമിപ്പിക്കുന്നു. മരണത്തിന്റെ മുന്നിലെത്തിയിട്ടും സത്യം വിടാതിരുന്ന പ്രഹ്ലാദനെ ഒടുവിൽ ഈശ്വരൻ രക്ഷിച്ചത് പോലെ, സത്യത്തിനു വേണ്ടി നിലകൊള്ളുന്ന സഹോദരങ്ങളെയും ദൈവം സഹായിക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകുന്നു.

ജാതിവ്യവസ്ഥയെ വെറുതെ വിമർശിക്കുകയല്ല, മറിച്ച് അതിനെ വേരോടെ പിഴുതെറിയാൻ കടുത്ത ഭാഷയിലാണ് കവി യുവാക്കൾക്ക് ആവേശം പകരുന്നത്. മനുഷ്യർ പരസ്പരം അകന്നു മാറുമ്പോൾ പ്രകൃതി

എല്ലാവരെയും സമന്മാരായിട്ടാണ് കാണുന്നത്. പ്രഭാതത്തിൽ വീശുന്ന കുളിർക്കാറ്റ് ബ്രാഹ്മണനെന്നോ പുലയനെന്നോ വ്യത്യാസമില്ലാതെ എല്ലാവരെയും ഒരുപോലെയാണ് തലോടുന്നതെന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു. കേവലം ഒരു സാമൂഹിക പരിഷ്കരണത്തിനപ്പുറം, മനുഷ്യന്റെ ചിന്തയെയും പ്രവർത്തിയെയും ആത്മീയതയെയും ഒരേപോലെ ശുദ്ധീകരിക്കാൻ ആവശ്യപ്പെടുന്ന ഒരു സമഗ്ര ദർശനമാണ് വാഗ്ഭടാനന്ദൻ 'സ്വാതന്ത്ര്യചിന്താമണി' യിൽ നൽകുന്നത്.

വാഗ്ഭടാനന്ദനും ശ്രീനാരായണഗുരുവും തമ്മിൽ 1914- മെയ് മാസത്തിൽ ആലുവയിൽ വെച്ച് കൂടിക്കാഴ്ച നടത്തിയിരുന്നു. ഗുരുവിന്റെ ദർശനങ്ങൾ വാഗ്ഭടാനന്ദനിൽ ശക്തമായ സ്വാധീനം ചെലുത്തിയിരുന്നുവെന്ന് 'സ്വാതന്ത്ര്യചിന്താമണി' സാക്ഷ്യപ്പെടുത്തുന്നു. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന ഗുരുവാക്യം അദ്ദേഹം തന്റെ കവിതകളിൽ സ്വാംശീകരിച്ചിട്ടുണ്ട്. വാഗ്ഭടാനന്ദഗുരുവിന്റെ രൂപപ്പെടലിന് നിരവധി സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങൾ കാരണമായിട്ടുണ്ട്; ശ്രീനാരായണഗുരുവുമായുള്ള കൂടിക്കാഴ്ച അതിനൊരു ഉദാഹരണമാണ്.

''ഒരു ദൈവമെന്നുമൊരു മതമെന്നു-
മൊരു ജാതിയെന്നും വരുന്നനാളിലെ
ധരാതലം തന്നിൽ നിരന്തരം സുഖം
വരാനെളുപ്പമായിരിക്കുമെന്നല്ലോ''
ദയാലു മോഹനൻ, ദയാനന്ദൻതൊട്ടു
നിയമജ്ഞാനികളുരപ്പതോർക്കുവിൻ.''

''റാംമോഹൻ റോയിയുടെയും ദയാനന്ദന്റെയും നാമം സ്മരിച്ചത് ബ്രഹ്മസമാജത്തോടും ആര്യസമാജത്തോടും ഉണ്ടായിരുന്ന അടുപ്പം മൂലമാകും. വിവേകാനന്ദ സ്വാമിയെയും ശ്രീനാരായണഗുരുവെയും പേരെടുത്ത് പരാമർശിച്ചില്ലെങ്കിലും അവരുടെ ആശയഗതികളുടെ പ്രതിഫലനം ഈ വരികളിൽ തെളിഞ്ഞു നിൽക്കുന്നുണ്ടല്ലോ. ഗുരുദേവൻ എന്നും ആചാര പരമ്പരയുടെ മുൻപിൽ പ്രണതനമസ്കാരം ചെയ്തിരുന്നു'' (വാഗ്ഭടാനന്ദഗുരു, 2016:44). എന്ന് വാഗ്ഭടാനന്ദന്റെ സമ്പൂർണ്ണ കൃതികൾക്ക് എഴുതിയ ദീർഘമായ അവതാരികയിൽ സുകുമാർ അഴീക്കോട് നിരീക്ഷിക്കുന്നുണ്ട്.

വിശ്വമാനവികതയെ മുൻനിർത്തിയാണ് വാഗ്ഭടാനന്ദന്റെ കവിതകൾ സഞ്ചരിക്കുന്നത് എന്ന് മുൻപ് സൂചിപ്പിച്ചുവല്ലോ. ഈ മാനവികതയ്ക്ക് എതിരായി പ്രവർത്തിക്കുന്ന ഒന്നായി അദ്ദേഹം അഴിമതിയെ പ്രഖ്യാപിക്കുന്നുണ്ട്.

### അന്ധവിശ്വാസങ്ങൾക്കും അനാചാരത്തിനുമെതിരെ

അന്ധവിശ്വാസങ്ങൾക്കും ആചാരങ്ങളുടെ പേരിൽ നടക്കുന്ന മൃഗബലിക്കും എതിരെ ശക്തമായി വിരൽ ചൂണ്ടുന്ന ഒന്നാണ് 'അഹിംസ തേടുവിൻ' എന്ന കവിത. മാനവരാശിയുടെ ജീവിതത്തിന് മാത്രമല്ല, സകല ജീവജാലങ്ങളുടെയും നിലനിൽപ്പിനെക്കുറിച്ചുള്ള ആലോചനയും വാഗ്ഭടാനന്ദനിൽ ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണിത്. മലബാറിന്റെ ചില ഭാഗങ്ങളിൽ ഉണ്ടായിരുന്ന ആചാരങ്ങളെ ഗുരു വിമർശിക്കുന്നുണ്ട്. മറ്റു ജീവജാലങ്ങളുടെ ജീവൻ ബലികൊടുക്കുന്നതിനെതിരെ വാഗ്ഭടാനന്ദൻ പോരാടി. തെയ്യം, തിറ തുടങ്ങിയ അനുഷ്ഠാനങ്ങളുടെ ഭാഗമായാണ് ഇവ അരങ്ങേറിയിരുന്നത്.

തലമുറകളായി തുടരുന്ന ആചാരങ്ങളും രീതികളും പെട്ടെന്ന് മാറ്റിയെടുക്കുക സാധ്യമല്ല. എത്ര കഷ്ടപ്പാടുകൾ സഹിച്ചും പരമ്പരാഗത വിശ്വാസങ്ങൾ മുറുകെപ്പിടിക്കാൻ ആളുകൾ എപ്പോഴും ശ്രമിക്കാറുണ്ട്. അതുകൊണ്ടുതന്നെ, കഠിനമായ ശാരീരിക പീഡനങ്ങൾ പോലും സ്വീകരിക്കാൻ ജനത തയ്യാറാകുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഇത്തരം അനാചാരങ്ങളുടെ വേരുറപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണിതൊക്കെയും. സമൂഹത്തിന്റെ ഈ ചിന്താഗതിയിൽ മാറ്റങ്ങൾ വരുത്തുക എന്നത് വലിയൊരു വെല്ലുവിളിയായിരുന്നു. അതിനാൽ ശക്തമായ ബോധവൽക്കരണം അനിവാര്യമായിത്തീർന്നു.

### ഉപസംഹാരം

വാഗ്ഭടാനന്ദന്റെ ദർശനങ്ങൾക്ക് സവിശേഷമായ ഒരു മാനമുണ്ട്. ലളിതമായ കാര്യങ്ങൾ പറഞ്ഞ് ജനങ്ങളെ ഉദ്ബോധിപ്പിക്കാനുള്ള ശ്രമമാണ് അദ്ദേഹം നടത്തിയത്. കേവലം സൗന്ദര്യാത്മകമായ

 ISSN No: 3049-0316 

കവിതകൾ എഴുതുന്നതിനപ്പുറം, പത്തൊൻപത് ഇരുപത് നൂറ്റാണ്ടുകളിലെ കേരളീയ സമൂഹത്തെ മാറ്റിമറിച്ച ശക്തമായ വിപ്ലവ പ്രകടനപത്രികകളായിരുന്ന അദ്ദേഹത്തിന്റെ കവിതകൾ. 'ഏവരും ബത ഹരിക്കു മക്കൾ' എന്ന കവിതയിൽ മനുഷ്യരെല്ലാവരും ഈശ്വരനു മുൻപിൽ തുല്യരാണെന്ന് സ്ഥാപിക്കുമ്പോൾ, 'സ്വാതന്ത്ര്യ ചിന്താമണി'യിലൂടെ ജാതിഭേദങ്ങൾക്കെതിരെ പോരാടാൻ യുവതലമുറയ്ക്ക് അദ്ദേഹം ആവേശം പകരുന്നു. അതേസമയം, 'അഹിംസ തേടുവിൻ' എന്ന കൃതിയിലൂടെ സ്നേഹത്തിലും അഹിംസയിലും അധിഷ്ഠിതമായ ഒരു ആത്മീയ ശുദ്ധീകരണത്തിന് അദ്ദേഹം ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

### സഹായകഗ്രന്ഥം

1. വാഗ്ഭടാനന്ദഗുരു, വാഗ്ഭടാനന്ദന്റെ സമ്പൂർണ കൃതികൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2016.
2. രവീന്ദ്രനാഥ് തോട്ടപ്പള്ളി, മഹർഷി വാഗ്ഭടാനന്ദഗുരുദേവൻ വിപ്ലവകാരിയായ ദാർശനികാചാര്യൻ, ആശാൻ സ്മാരക സാഹിത്യഗവേഷണകേന്ദ്രം, ആലപ്പുഴ, 2012.